**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2665** | **27-02-2023 - ൽ മറുപടിയ്ക്ക്**

**കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുകയും 17/09/2019-ൽ പുതിയ കെട്ടിട നിർമ്മാണം കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആരംഭിക്കുകയുമുണ്ടായി. എന്നാൽ പുതിയ കെട്ടിട നിർമ്മാണത്തിനെതിരെ ശ്രീ.കെ.വി.വിജയകുമാരൻ എന്നവർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ Apl/658/19 നമ്പരായി ഫയൽ ചെയ്ത ഹർജിയുടെ അടിസ്ഥാനത്തിൽ ട്രൈബ്യൂണലിൽനിന്നുമുള്ള ഉത്തരവ് പ്രകാരം 03/10/2019-മുതൽ കെട്ടിടനിർമ്മാണം കൺസ്ട്രക്ഷൻ കോർപ്പറേഷൻ താത്ക്കാലികമായി നിർത്തിവയ്ക്കുകയുമുണ്ടായി. പ്രസ്തുത കേസിൽ വിശദമായ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും ഗവ.പ്ലീഡറുമായി ബന്ധപ്പെട്ട് നടപടികൾ ത്വരിതപ്പെടുത്തി വരുകയും ചെയ്യുന്നു. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസിന്റെ സ്റ്റേ നീക്കി കിട്ടുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം പുനരാരംഭിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ? | (ബി) | ആലത്തൂർ നിയോജക മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുകയും 17/09/2019-ൽ പുതിയ കെട്ടിട നിർമ്മാണം കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആരംഭിക്കുകയുമുണ്ടായി. എന്നാൽ പുതിയ കെട്ടിട നിർമ്മാണത്തിനെതിരെ ശ്രീ.കെ.വി.വിജയകുമാരൻ എന്നവർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ Apl/658/19 നമ്പരായി ഫയൽ ചെയ്ത ഹർജിയുടെ അടിസ്ഥാനത്തിൽ ട്രൈബ്യൂണലിൽനിന്നുമുള്ള ഉത്തരവ് പ്രകാരം 03/10/2019-മുതൽ കെട്ടിടനിർമ്മാണം |

| | | | |
|---|---|---|---|
| | | | കൺസ്ട്രക്ഷൻ കോർപ്പറേഷൻ താത്ക്കാലികമായി നിർത്തിവയ്ക്കുകയുമുണ്ടായി. പ്രസ്തുത കേസിൽ വിശദമായ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും ഗവ.പ്ലീഡറുമായി ബന്ധപ്പെട്ട് നടപടികൾ ത്വരിതപ്പെടുത്തി വരുകയും ചെയ്യുന്നു. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസിന്റെ സ്റ്റേ നീക്കി കിട്ടുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം പുനരാരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ